(സി) ഉണ്ടെങ്കിൽ അപേക്ഷകളിൻമേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ഡി) അംഗൻവാടികൾ അനുവദിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പ്രാമുഖ്യം നൽകാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ അംഗൻവാടി അനുവദിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ അംഗൻവാടികൾ അനുവദിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പ്രവർത്തന രഹിതമായ 590 അംഗൻവാടികൾ 14-6-2004-ലെ ജി.ഒ. (ആർ. ടി.) നം. 247/04/സാ.ക്ഷേ.വ. പ്രകാരവും, 193 അംഗൻവാടികൾ 16-7-2004-ലെ ജി.ഒ. (ആർ. ടി.) നം. 311/04/സാ.ക്ഷേ.വ. പ്രകാരവും ആവശ്യമുള്ള മറ്റ് ഐ.സി.ഡി.എസ്. പ്രോജക്ടുകളിലേയ്ക്ക് മാറ്റി അനുവദിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഉണ്ട്. പുതിയ അംഗൻവാടികൾ ആവശ്യമുള്ള അപേക്ഷകളിൽ നേരത്തെ അനുവദിച്ചവയിൽ പ്രവർത്തനം തുടങ്ങാത്ത അംഗൻവാടികൾ മാറ്റി നൽകുക എന്ന നയമാണ് അനുവർത്തിച്ചിരുന്നത്. എന്നാൽ ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതനുസരിച്ച് ഇനിയും അംഗൻവാടികൾ ആവശ്യമായ സ്ഥലങ്ങളിൽ അവ ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ ആയിരം ജനസംഖ്യയും ട്രൈബൽ പ്രദേശങ്ങളിൽ എഴുന്നൂറു ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് നിഷ്കർഷ. എന്നാൽ പിന്നോക്ക പ്രദേശങ്ങളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കാറുണ്ട്.

അനാഥകുട്ടികളുടെ സംരക്ഷണ കേന്ദ്രം

124 [494] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥകുട്ടികളെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അനധികൃതമായി കുട്ടികളെ ദത്തെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള അനധികൃത ദത്തെടുപ്പിന്റെ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനധികൃതമായി ദത്തെടുക്കുന്നതിനെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(ഇ) അനധികൃത ദത്തെടുക്കൽ എപ്രകാരം ഒഴിവാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 724 കേന്ദ്രങ്ങളുണ്ട്.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ശിശുസംരക്ഷണ കേന്ദ്രങ്ങൾ ദത്തെടുക്കൽ നടത്തുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക ലൈസൻസ് വാങ്ങിയിരിക്കണം. കുട്ടികളെ ദത്തെടുക്കുന്നതിന് ലൈസൻസുള്ള അംഗീകൃത ശിശു സംരക്ഷണ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന ദമ്പതികളുടെ ഹോംസ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യരായ കുട്ടികളെ നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലൈസൻസുള്ള ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്നും ദത്തു നൽകുന്നതാണ്.

(സി) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ പാമ്പാടിയിൽ പ്രവർത്തിക്കുന്ന "കരീൻ ചൈൽഡ് കെയർ സെന്റർ" എന്ന സ്ഥാപനം അനധികൃത ശിശു കൈമാറ്റം നടത്തിയിട്ടുണ്ട്.

(ഡി) ഏതെങ്കിലും ലൈസൻസുള്ള ഏജൻസിയിൽ നിന്നും അനധികൃതമായി ദത്തു നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഏജൻസിയുടെ അംഗീകാരം റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കേസ്സുകളിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ച് ക്രിമിനൽ കേസ്സ് ചാർജ്ജ് ചെയ്യാവുന്നതാണ്.

(ഇ) അനധികൃത ദത്തെടുക്കൽ തടയുന്നതിന് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്കും ശിശുസംരക്ഷണ കേന്ദ്രങ്ങൾക്കും നൽകാവുന്നതാണ്. ആയതിലേയ്ക്ക് ടി കേന്ദ്രങ്ങളിലെ ആയമാർ, സോഷ്യൽ വർക്കർമാർ എന്നിവർക്ക് മതിയായ പരിശീലനം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. തുടർന്നും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഐ.ടി.ഐ.-കളുടെ നവീകരണം

125 [504] ശ്രീ. യു. സി. രാമൻ:
" പി. കെ. കെ. ബാവ:
" നാലകത്ത് സൂപ്പി:
" ചെർക്കളം അബ്ദുള്ള:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly